ഫിഷർമെൻസ് റിലീഫ് ഫണ്ട്

* 423. [12] ശ്രീ. കെ. ഹസൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷർമെൻസ് റിലീഫ് ഫണ്ടിലേക്ക് 1963–64 വർഷത്തിൽ നീക്കിവച്ചിരുന്ന തുകയെത്ര ;

(ബി) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നപ്പോൾ ഈ സാമ്പത്തിക വർഷത്തിൽ ഡിസംബർ 31–ാംനു- വരെ അപകടമരണമുണ്ടായ മത്സ്യത്തൊഴിലാളികൾ എത്ര ;

(സി) അതിൽ മരിച്ചവരുടെ എത്ര കുടുംബങ്ങൾക്ക് സഹായധനം നൽകി ;

(ഡി) ഓരോ കുടുംബത്തിനും എത്ര ഉറുപ്പിക വീതം കൊടുത്തു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 25000 രൂപ.

(ബി) 15.

(സി) ഇതിനാവശ്യമായ ചട്ടങ്ങൾ 1963 ഡിസംബറിൽ അംഗീകരിച്ചു. സഹായം നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. എം. മത്തായി : ഈ ഫണ്ട് എന്തെല്ലാം കാര്യങ്ങൾക്കു വിനിയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ?

ശ്രീ. കെ. കുഞ്ഞമ്പു : മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ ആപത്തുപറ്റിയവർക്കുമാണ് ഈ സംഖ്യ അനുവദിക്കുന്നത്. മാക്സിമം 1000 രൂപാ കൊടുക്കണമെന്നാണ് ഇപ്പോൾ വച്ചിട്ടുള്ളത്. അപകടം പിണഞ്ഞു 15 ദിവസത്തിനകം അപേക്ഷ അയയ്ക്കണമെന്ന നിബന്ധനയുണ്ട്. അങ്ങനെ 15 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവർക്ക് ഈ മാർച്ച് അവസാനിക്കുന്നതിനുമുമ്പു കൊടുക്കാൻ കഴിയുമെന്നു വിചാരിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ : ആളിനു് അപകടം പറ്റാതെ വള്ളവും വലയും പൂർണ്ണമായി നഷ്ടപ്പെട്ടുപോകുന്നവർക്ക് ഇതിൽനിന്നും ധനസഹായം നൽകുമോ?

ശ്രീ. കെ. കുഞ്ഞമ്പു : ഈ ഫണ്ടിൽനിന്നും അങ്ങനെ കൊടുക്കുന്നതിനു വ്യവസ്ഥചെയ്തിട്ടില്ല. എന്നാൽ ഈ കാര്യം പരിശോധിക്കാവുന്നതാണു്.

ശ്രീ. ടി കൃഷ്ണൻ : കരുനാഗപ്പള്ളിഭാഗത്തു മൂന്നു നാലു ദിവസത്തിനുമുമ്പു് മത്സ്യത്തൊഴിലാളികൾ രണ്ടുഭാഗക്കാർ തമ്മിൽ സംഘട്ടനം ഉണ്ടായി എന്നും പത്തുപതിനഞ്ചുപേർ ഇപ്പോൾ ആശുപത്രിയിലാണെന്നും കേട്ടു. അവർക്കു് ധനസഹായം ചെയ്യുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : സ്വയം തമ്മിൽ അടിപിടി നടത്തുന്നവർക്കു് സഹായധനം കൊടുക്കാൻ നിവൃത്തിയില്ല.

ഹരിജൻ വെൽഫെയർ സ്കൂളുകളിലെ അദ്ധ്യാപകന്മാർ

* 424. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വെൽഫെയർ സ്കൂളുകളിൽ ഉള്ള അദ്ധ്യാപകന്മാർക്കു പി. എസ്സ്. സി.യുടെ അംഗീകാരം ലഭിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കൊല്ലം സർവ്വീസുള്ളവർക്കാണു് അംഗീകാരം ലഭിക്കുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഉണ്ടു്.

(ബി) ഈ കാര്യം സപ്ലീസു് കമ്മിഷനുമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. സി. ആദിച്ചൻ: ഈ പരിശോധന എന്നാണു തുടങ്ങിയതു്; അല്ലെങ്കിൽ എത്ര കൊല്ലത്തിനകം കിട്ടുമെന്നു പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു: 1957-നു മുമ്പു് ഈ അദ്ധ്യാപകന്മാരെയെല്ലാം കണ്ടിജൻസിയായിട്ടാണു് നിയമിച്ചിരുന്നതു്. അവരെയെല്ലാം സ്ഥിരപ്പെടുത്തുന്നതിനു് പബ്ലിക് സപ്ലീസു് കമ്മിഷനോടു് ആവശ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ടു്. പക്ഷെ തീരുമാനം കിട്ടിയിട്ടില്ല.

ശ്രീ. എൻ. ഭാസ്കരൻനായർ: ഹരിജൻ വെൽഫെയർ സ്കൂളുകളിൽ രണ്ടും മൂന്നും വർഷം ജോലി നോക്കിയതിനുശേഷം ടി. ടി. സി–ക്കു് എടുക്കുകയും സ്റ്റൈപ്പെൻറു കൊടുക്കുകയും ചെയ്തിട്ടു് പിന്നീടു് ജോലിയിൽനിന്നു പിരിച്ചുവിട്ടു എന്നു പറഞ്ഞു് സ്റ്റൈപ്പെൻറു് തിരിയെ അടയ്ക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ താല്ക്കാലികമായി എംപ്ലോയ്മെൻറു് എക്സ്ചേഞ്ചു മുഖേന നിയമനം കിട്ടിയവരെ ട്രെയിനിംഗിനെടുത്താൽ സ്റ്റൈപ്പെൻറു് കൊടുക്കുന്ന വ്യവസ്ഥ ഇന്നില്ല. ഡിപ്പാർട്ടുമെൻറു് തന്നെ നേരിട്ടു് ട്രെയിനിംഗിനെടുക്കുന്നവർക്കു് സ്റ്റൈപ്പെൻറു് കൊടുക്കുന്നതിനുള്ള വ്യവസ്ഥയേ ഉള്ളൂ.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: 1957-നു മുമ്പുള്ളവരുടെ കാര്യത്തിൽ അംഗീകാരം നൽകുന്നതിനു് ശുപാർശ നടത്തിയിട്ടുണ്ടെന്നു പറഞ്ഞു. അതിനു ശേഷമുള്ളവരുടെ സ്ഥിതിയെന്താണു്?

ശ്രീ. കെ. കുഞ്ഞമ്പു: 1960 വരെയുള്ള ആളുകളുടെ കാര്യവും കൂടി ഉൾപ്പെടുത്തിയിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ഈ സ്കൂളുകളിൽ പബ്ലിക് സപ്ലീസു് കമ്മിഷൻ എന്നുമുതൽ അദ്ധ്യാപകന്മാരെ നിയമിക്കണമെന്നാണു് ആർഡർ കൊടുത്തിട്ടുള്ളതു്?

ശ്രീ. കെ. കുഞ്ഞമ്പു: 1958–നു ശേഷമുള്ള നിയമനങ്ങളും പബ്ലിക് സപ്ലീസു് കമ്മിഷൻ മുഖേന നിയമനം നടത്തണമെന്നാണു കല്പന പുറപ്പെടുവിച്ചിരിക്കുന്നതു്.

ശ്രീ. ടി. കൃഷ്ണൻ: പിരിച്ചുവിടുകയും പിന്നെ അവരെ ട്രെയിനിംഗിനു് അയയ്ക്കുകയും ചെയ്തിട്ടുണ്ടു്. അവർക്കു് നിയമനം കിട്ടുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഓവർ ഏജു് ആയിട്ടുള്ള 135 പേരെ ട്രെയിനിംഗിനു് അയച്ചിട്ടുള്ളതു് അവർക്കു് നിയമനം കൊടുക്കണമെന്നുള്ള ഉദ്ദേശത്തിലാണു്.

ശ്രീമതി കെ. ആർ. ഗൗരി: ബഹുമാനപ്പെട്ട മന്ത്രി ആദ്യം 1957 എന്നും, പിന്നീടു് 1958 എന്നും, അതുകഴിഞ്ഞു് 1960 എന്നും നിയമനങ്ങൾക്കു് അംഗീകാരം കൊടുക്കുന്നതിനെ സംബന്ധിച്ചു് പറയുകയുണ്ടായി. അതൊന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഞാൻ അതൊന്നുകൂടി വിശദമായി പറയാം. 1957–58-ലെ പയൽസ്കീം എൻക്വയറി കമ്മിറ്റി റിപ്പോർട്ടു് അനുസരിച്ചു് എല്ലാ അദ്ധ്യാപകന്മാരേയും സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടു. 1958-ൽ ഈ നിയമനങ്ങളും പബ്ലിക് സപ്ലീസു് കമ്മിഷനു് വിട്ടുകൊടുത്ത ശേഷവും

LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വന്നവർ മുന്ന കൊല്ലത്തോളം സേവനം ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള 1960 വരെയുള്ള എല്ലാ അദ്ധ്യാപകന്മാരേയും സ്ഥിരപ്പെടുത്താൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലുള്ള അദ്ധ്യാപകന്മാരുടെ സേവനവ്യവസ്ഥ ഈ അദ്ധ്യാപകന്മാക്കും ബാധകമാക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ ചെയ്യണമെന്നാണുദ്ദേശിക്കുന്നത്. ആ അടിസ്ഥാനത്തിലാണ് പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന എല്ലാ നിയമനങ്ങളും നടത്തണമെന്ന വ്യവസ്ഥ ചെയ്തിട്ടുള്ളത്.

Mr. Speaker : Question No. 8. An identical question has already been answered.

ആർ. ഠി. എ. ആഫീസുകളിലെ കാലതാമസം.

* 425. [9] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആർ. ഠി. എ. ആഫീസുകളിൽ. ഓരോ കാര്യങ്ങളും നടക്കുന്നതിനു താരതമ്യേന വളരെ കൂടുതൽ കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകുന്നുണ്ടെന്നു കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കുന്നതിനു് എന്തെങ്കിലും സത്വര നടപടികളും കൈക്കൊള്ളുമോ ;

(സി) ആർ. ഠി. എ. ആഫീസുകളോടനുബന്ധിച്ചു് ഒരു വിജിലൻസ് വിഭാഗം സംഘടിപ്പിക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മുൻ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ഇതിന്റെ ആവശ്യമില്ല.

ശ്രീ. സി. എ. മാത്യു : സർ, നമ്മുടെ നാട്ടിൽ ഇതു പരക്കെ എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. ആർ. ടി. എ. ആഫീസുകളിൽ കാര്യങ്ങൾ നടക്കുന്നതിനു കാലതാമസവും ബുദ്ധിമുട്ടുംഉണ്ടെന്നും മറിച്ചു എന്തെങ്കിലുംപാരിതോഷികം കൊടുത്താൽ കാര്യങ്ങൾ വേഗത്തിൽ സാധിക്കുമെന്നും ഈ വക കാര്യങ്ങൾ ഒരു സാധാരണസംഭവമെന്ന നിലയിൽ നടക്കുന്നതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുന്നില്ലാ എന്നും പറയുന്നതു കേൾക്കുമ്പോൾ ഗവണ്മെന്റിനു പഞ്ചേന്ദ്രിയങ്ങൾ ഉണ്ടെന്നു വിചാരിക്കാമോ?

ശ്രീ. കെ. ടി. അച്യുതൻ : ഗവണ്മെന്റിനു പഞ്ചേന്ദ്രിയങ്ങളില്ല. ഇങ്ങനെ ഓരോ കാര്യങ്ങൾ സാധിക്കുന്നതിനും വളരെ കാലതാമസമുണ്ടെന്നും ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടെന്നും ഗവണ്മെന്റിനു പരാതികൾ കിട്ടീട്ടില്ലാ എന്നാണു പറഞ്ഞതു്. പരാതിയുണ്ടെങ്കിൽ ഉടനെ തന്നെ അതേപ്പറ്റി അന്വേഷണം നടത്തുന്നതാണു്. മറിച്ചു എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ആഫീസുകളിൽ ആവശ്യമായ വിവരങ്ങൾ ഇല്ലാതെയിരിക്കുന്നതുകൊണ്ടു കാര്യങ്ങൾ തീരുമാനം എടുക്കുന്നതിനു കാലതാമസം വരും. ചില കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനു ആവശ്യമായ വിവരങ്ങൾ പോരാതെ വരും. അതുകൊണ്ടു് ആ വിവരങ്ങൾകൂടി തരണമെന്നു പറഞ്ഞു ആവശ്യപ്പെടാറുണ്ടു്. ഇങ്ങനെ വാഹനങ്ങളുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുന്നതുകൊണ്ടു് ജോലിക്കൂടുതൽ വന്നിട്ടുള്ളതിനെ പരിഗണിച്ചു എല്ലാ ആഫീസുകളിലും കൂടുതൽ ഉദ്യോഗസ്ഥന്മാരെ കൂടുതലായി വച്ചിട്ടുണ്ടു്. പാർട്ടികൾതന്നെ ആവശ്യമായ വിവരങ്ങൾ മുൻകൂട്ടി തരികയാണെങ്കിൽ അതവർക്കു സഹായമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly